# <u>ഒരു റിട്ടും സംഘടനയുടെ തലവേദനയും</u>

തികച്ചും ആകസ്മികമായാണ് കാര്യം നമ്മൾ അറിയുന്നത്. ഒരു ദിവസം, കേരള വേലൻ സമാജത്തിന്റെ പ്രസിഡണ്ട് പി. പത്മനാഭൻ സാർ, പെരിന്തൽമണ്ണയിൽ നിന്ന് എന്നെ ഫോണിൽ ബന്ധപ്പെടുന്നു. "മാഷെ, ഇവിടെ ഞങ്ങളുടെ പ്രദേശത്തുള്ള വേലൻ, മണ്ണാൻ സമുദായങ്ങളിൽ പെട്ടവരുടെ വീടുകളിൽ കേറി, ഒരു സംഘം ചെറുപ്പക്കാർ ചില കണക്കെടുപ്പുകളൊക്കെ നടത്തുന്നു. കിർത്താഡ്സ് ഉദ്യോഗസ്ഥർ ആണെന്നാണ് പറയുന്നത്. ഒന്ന് അന്വേഷിക്കുന്നതു നന്നായിരിക്കും." കുശലാന്വേഷണങ്ങൾക്കു ശേഷം ഫോൺ വെച്ചു.

ഞാൻ പിറ്റേന്നു തന്നെ കിർത്താഡ്സിൽ പോയി, വിജിലൻസ് ഓഫീസറെ കണ്ടു കാര്യം തിരക്കി. ഇത്രയും വിവരങ്ങൾ ലഭിച്ചു: "അടുത്ത കാലത്ത് കോഴിക്കോട്ട് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘടനയാണ്, ഇൻഡിജീനസ് പീപ്പിൾസ് ഓർഗനൈസേഷൻ. അവർ 2013 ൽ കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുന്നു. മലബാറിലെ വണ്ണാൻ, മണ്ണാൻ, പെരുമണ്ണാൻ, വേലൻ, പരവൻ, പുള്ളുവൻ എന്നീ സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിൽ പെടുത്തിയതിനെ അതിൽ ചോദ്യം ചെയ്തിരിക്കുകയാണ്. അവർ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹത ഇല്ലാത്തവർ ആണെന്നും, നീക്കം ചെയ്യപ്പെടേണ്ടവർ ആണെന്നും അവകാശപ്പെടുന്നു. അവരെ ലിസ്റ്റിൽപ്പെടുത്തിയതിനു ഉത്തരവാദികളായ 1) ഇന്ത്യാ ഗവണ്മെന്റ് (മിനിസ്ട്രി ഓഫ് ലോ & ജസ്റ്റിസ്; ന്യൂഡൽഹി, 2) സെക്രട്ടറി ടു ഗവ: ഓഫ് ഇന്ത്യ (സോഷ്യൽ ജസ്റ്റിസ് & എംപവർമെന്റ്, 3) ചീഫ് സെക്രട്ടറി, കേരള ഗവണ്മെന്റ്, 4) ചെയർമാൻ, നാഷനൽ കമ്മീഷൻ (പട്ടികജാതി, പട്ടികവർഗ്ഗം), 5) ചെയർമാൻ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ എന്നിവരെ എതിർകക്ഷികൾ ആക്കിക്കൊണ്ടാണ് റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുന്നത്. പെറ്റീഷൻ ഫയലിൽ സ്വീകരിച്ച കോടതി, സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സ് തയ്യാറാക്കി സമർപ്പിക്കാൻ സർക്കാരിനോട്ട് ആവശ്യപ്പെട്ടു. ആയതു തയ്യാറാക്കാൻ കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് അനിവാര്യമാണ്. സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് ഇവിടുത്തെ ചില ജീവനക്കാർ ഫീൽഡ് സ്റ്റഡി നടത്തിക്കൊണ്ടിരിക്കുകയാണ്. പുതിയൊരു അന്വേഷണ റിപ്പോർട്ട് ആണ് ഉദ്ദേശിക്കുന്നത്. പെരിന്തൽമണ്ണയിലാണ് ഇപ്പോൾ സംഘം പ്രവർത്തിക്കുന്നത്."

ഇത്രയും കാര്യങ്ങൾ അറിഞ്ഞപ്പോൾ തരിച്ചിരുന്നു പോയി. നാലു വർഷം കടന്നു പോയിരിക്കുന്നു. ആറു സമുദായങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഒരു കേസ്സ് ഹൈക്കോടതിയിൽ വന്നിട്ടും ബന്ധപ്പെട്ട സമുദായങ്ങൾക്കൊന്നും ഇതേവരെ അറിയാൻ കഴിഞ്ഞില്ലെന്നു പറഞ്ഞാൽ അത്ഭുതപ്പെടാതിരിക്കില്ലല്ലോ. ഇത്തരം കേസ്സുകൾ അറിയാതിരിക്കുകയും അതു ഡിഫെൻഡ് ചെയ്യാതിരിക്കുകയും ചെയ്താൽ ഉണ്ടാവുന്ന ഭവിഷ്യത്ത്, തങ്കം Vs മാധവി കേസ്സിൽ മുമ്പ് നാം അനുഭവിച്ചതാണ്. കേസ്സിന്റെ വിധിയും അതിനെത്തുടർന്നുള്ള സർക്കാർ ഉത്തരവും വന്നപ്പോഴാണ് നാം മിഴിച്ചു നിന്നു പോയത്. കേരളത്തിൽ നമ്മുടെ സമുദായക്കാരെ മൊത്തം അതു ബാധിച്ചു. നമ്മുടെ കുട്ടികൾ കുറെ വർഷങ്ങൾ ജാതി സർട്ടിഫിക്കറ്റു കിട്ടാതെ വലഞ്ഞു. ഒടുവിൽ നാം പ്രത്യേകം കേസ്സ് നടത്തി അനുകൂല വിധി സമ്പാദിക്കേണ്ടി വന്നു.

ഒ. പി. ശുക്ല കേസ്സും ഇതേ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ളതായിരുന്നു. ഇതിൽ പുള്ളുവനെക്കൂടി ഉൾപ്പെടുത്തി എന്നു മാത്രം. ആ കേസ്സും നമ്മുടെ ശ്രദ്ധയിലാണ് ആദ്യം പെട്ടത്. ബന്ധപ്പെട്ട സമുദായങ്ങളെ അറിയിക്കുന്നതിനും കേസ്സ് ഡിഫെൻഡ് ചെയ്യുന്നതിനുള്ള കാര്യങ്ങൾ നീക്കുന്നതിനും അന്നും നാം കുറേ പാടുപെട്ടു. അത് അവസാനിക്കുമ്പോഴേക്കും വരുന്നു, അതേ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള മറ്റൊരു കേസ്സ്!

ഏതായാലും കിർത്താഡ്സിൽ നിന്ന് വിവരാവകാശ നിയമപ്രകാരം പെറ്റീഷന്റെ കോപ്പി സംഘടിപ്പിച്ചു. വായിച്ചു നോക്കിയപ്പോൾ കാര്യം ഗൌരവമേറിയതു തന്നെ. വിവരം ബന്ധപ്പെട്ടവരെ കഴിയുന്നതും വേഗം അറിയിക്കേണ്ടതുണ്ട്. ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതുണ്ട്. എം. വി. എസ്സ്. എസ്സിന്റെ അടിയന്തിര യോഗം വിളിച്ചു. കാര്യങ്ങൾ ചർച്ച ചെയ്തു. തൃശ്ശൂരിൽ വിളിച്ചു ചേർത്ത പി. എം. ജെ. എസ്സിന്റെ യോഗത്തിലേക്ക് സ്വജന സമുദായ സഭയുടെ പ്രതിനിധികളെയും ക്ഷണിച്ചു. കേസ്സിന്റെ കാര്യം അവതരിപ്പിച്ചു. ഇനിയും കടമ്പകൾ പലതുണ്ട്. മലബാറിലെ വേലൻ, പരവൻ, പുള്ളുവൻ സമുദായങ്ങളെ വിവരം അറിയിക്കണം. വേലൻ സമുദായ സഭയുടെ പ്രസിഡണ്ടിനെ പരിചയമുള്ളതു കൊണ്ട് അദ്ദേഹത്തെ വിവരം അറിയിച്ചു. മുമ്പ്

വടകരയിൽ പരവന്മാരുടെ ഒരു യോഗത്തിൽ പങ്കെടുത്തതു കൊണ്ട് അതിൽ ചിലരെ പരിചയമുണ്ട്. അവരെയും തേടിപ്പിടിച്ച് വിവരം അറിയിച്ചു. ഇനി പുള്ളുവനെ കിട്ടണം. യാതൊരു മാർഗ്ഗവുമില്ല. ഒടുവിൽ പത്രത്തിൽ കണ്ട ഒരു വിവാഹ പരസ്യത്തിൽ നിന്ന് ഒരാളുടെ ഫോൺ നമ്പർ കിട്ടി. ആ വഴിക്ക് കണ്ണൂർ ക്കാരനായ അവരുടെ സംഘടനാ സെക്രട്ടറിയെ വിളിച്ചു കാര്യം പറഞ്ഞു. കോഴിക്കോട്ട്, വടകര, എന്നിവിടങ്ങളിൽ വിളിച്ചു ചേർത്ത എം. വി. എസ്സ്. എസ്സിന്റെ യോഗങ്ങളിൽ വേലൻ, പരവൻ സമുദായ പ്രതിനിധികളെയും കൊയിലാണ്ടിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ പുള്ളുവൻ സമുദായ സംഘടനയുടെ സെക്രട്ടറിയെയും പങ്കെടുപ്പിച്ചു. കേസ്സിന്റെ കാര്യം വിശദീകരിച്ചു. പെറ്റീഷന്റെ കോപ്പികൾ നൽകി. കേസ്സ് ഡിഫെൻഡ് ചെയ്യേണ്ടതു കൊണ്ട് സാമ്പത്തിക കാര്യങ്ങളിൽ തീരുമാനം എടുക്കണം. പി. എം. ജെ. എസ്സിന്റെ ഒരു അടിയന്തിര യോഗം എറണാകുളത്തു ചേർന്നു. എം. വി. എസ്സ്. എസ്സിനെക്കൂടാതെ, മലബാറിൽ നിന്ന് വേലൻ, പരവൻ സമുദായ സംഘടനാ പ്രതിനിധികളും അതിൽ പങ്കെടുത്തു. മൊത്തം അൻപതോളം പേർ പങ്കെടുത്ത യോഗത്തിൽ കേസ്സ് കാര്യം വിപുലമായി ചർച്ച ചെയ്തു. സാമ്പത്തിക കാര്യങ്ങളിൽ സഹകരണം ഉറപ്പു വരുത്തി. എം. വി. എസ്സ്. എസ്സിന്റെയും സ്വജന സമുദായ സഭയുടെയും നേതൃത്വങ്ങൾ, കോഴിക്കോട്ട് നളന്ദ ഹോട്ടലിൽ യോഗം ചേർന്ന് കേസ്സ് കാര്യം ചർച്ച ചെയ്തു, അനുകൂലമായ തീരുമാനം കൈക്കൊണ്ടു.

ഏതാനും ദിവസങ്ങൾക്കു ശേഷം വടകരയിൽ വന്ന ബഹുമാനപ്പെട്ട മന്ത്രി, എ. കെ. ബാലനെ അവിടുത്തെ പരവ സമുദായാംഗങ്ങൾ മുഖദാവിൽ കാണുകയും കേസ്സിന്റെ കാര്യം ധരിപ്പിക്കുകയും ചെയ്തു. കാര്യം ഗൌരവമുള്ളതാണെന്ന് അഭിപ്രായപ്പെട്ട മന്ത്രി, അടുത്തു തന്നെ ഒരു നിവേദനം തയ്യാറാക്കി, തിരുവനന്തപുരത്തു ചെന്നു അദ്ദേഹത്തെ കാണുവാൻ പറഞ്ഞു. പരവ സമുദായ സുഹൃത്തുക്കളുടെ അഭിപ്രായം പരിഗണിച്ച്, അടുത്തു തന്നെ, പി. എം. ജെ. എസ്സിന്റെ സംസ്ഥാന ഭാരവാഹികളും എം. വി. എസ്സ്. എസ്സ് നേതൃത്വവും മലബാറിലെ പരവ, വേല സമുദായ പ്രതിനിധികളും മന്ത്രി, എ. കെ. ബാലനെ കണ്ടു നിവേദനം നൽകി. മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് അഡ്വക്കറ്റ് ജനറലിനെ കണ്ടു കാര്യങ്ങൾ സംസാരിക്കുകയും, അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ച് എറണാകുളത്തു പോയി അഡ്വ: ശശീന്ദ്രനെ വക്കാലത്ത് ഏൽപ്പിക്കുകയും ചെയ്തു. വക്കീലിന്റെ വിദഗ്ധ നിർദ്ദേശം അനുസരിച്ച്, പി. എം. ജെ. എസ്സ്, സ്വജന സമുദായ സഭ, എന്നിവയെ പ്രതിനിധീകരിച്ചു സംഘടനകളുടെ സെക്രട്ടറിമാരും, എം. വി. എസ്സ്. എസ്സിനെ പ്രതിനിധീകരിച്ചു പ്രസിഡണ്ട്, എൻ. അശോകൻ വ്യക്തിപരമായും കക്ഷി ചേർന്നു. പുള്ളുവ സമുദായം പി. എം. ജെ. എസ്സിന്റെ ഘടകം അല്ലാത്തതിനാൽ, സംഘം സെക്രട്ടറി, ശ്രീ പി. ശ്രീധരൻ സ്വതന്ത്രമായാണ് കേസ്സ് നടത്തിയത്. പല തവണ വക്കീലിനെ കണ്ടു, ആവശ്യമായ രേഖകൾ സംഘടിപ്പിച്ചു നൽകുകയും കേസ്സിന്റെ പുരോഗതി അന്വേഷിക്കുകയും ചെയ്തു.

04/04/2018 ന് കേസ്സ് വിചാരണയ്ക്കെടുത്ത കോടതി, വളരെയേറെ സമുദായങ്ങളെ പ്രതികൂലമായി ബാധിക്കുന്ന കേസ്സിൽ പരാതിക്കാരൻ അവരെ കക്ഷി ചേർത്തിട്ടില്ലെന്ന കാരണത്താൽ കേസ്സ് തള്ളി. ദിവസങ്ങൾക്കകം, ഇൻഡിജീനസ് പീപ്പിൾസ് ഓർഗ്ഗനൈസേഷൻ പഴുതുകൾ അടച്ചുകൊണ്ട്, റിവ്യൂ പെറ്റീഷൻ നൽകി. കൊല്ലങ്ങൾ കഴിഞ്ഞു, 01/02/2021 ന് കേസ്സിന്റെ വിധി പ്രസ്താവിച്ചിരിക്കുകയാണ്. ഇരുപത്തിയൊന്നു പേജുകൾ വരുന്ന വിധിയിൽ, പട്ടികജാതി സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താനോ നീക്കം ചെയ്യാനോ ഉള്ള അധികാരം പാർലമെന്റിനല്ലാതെ സർക്കാരുകൾക്കോ കോടതികൾക്കോ ട്രിബ്യൂണലുകൾക്കോ ഇല്ലെന്നു ഭരണഘടനാ വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ട് അതിൽ വ്യക്തമാക്കിയിരിക്കുന്നു. മേൽ സമുദായങ്ങൾ പട്ടികജാതി ലിസ്റ്റിൽ ചേർക്കപ്പെട്ടിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. പരാതി ഉന്നയിക്കാനുണ്ടായ കാലവിളംബം പരാതിക്കാരന് ന്യായീകരിക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി കോടതി വിധികൾ, ഉപോദ്ബലകമായി കോടതി ഉദ്ധരിച്ചു. "കുംഭകർണ്ണൻ", "റിപ്പ്വാൻവിങ്കിൾ" എന്നും മറ്റും പരാതിക്കാരനെ പരിഹസിക്കാനും കോടതി മറന്നില്ല. ഒടുവിൽ ബഹുമാനപ്പെട്ട കോടതി കേസ്സ് തള്ളി.

*[ സംഘടന ഇടപെടുന്ന അഞ്ചാമത്തെ കേസ്സാണിത്. പ്രഗത്ഭരായ ഏഴു വക്കീലന്മാരാണ് അവർക്കു വേണ്ടി കേസ്സ് വാദിച്ചത്...! ]*

**എഴുത്ത്: എൻ. അശോകൻ (മുൻ പ്രസിഡണ്ട്)**

 19/02/21